**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2228** **03-03-2025 - ൽ മറുപടിയ്ക്ക്**

**കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി. എഫ്.ആർ.ഡി.(കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്) എന്ന സ്ഥാപനത്തിൽ വരുമാനം വർധിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | കൌൺസിൽ ഫോർ ഫുഡ് റിസെർച്ച് ആൻഡ് ഡെവലപ്മെന്റ് (CFRD) യുടെ കീഴിൽ ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബോറട്ടി (FQML), ഫുഡ് പ്രോസസിംഗ് ട്രയിനിംഗ് സെന്റർ (FPTC), കോളേജ് ഓഫ് ഇൻഡിജൻസ് ഫുഡ് ടെക്നോളജി (CFT-K) എന്നിവ പ്രവർത്തിച്ച് വരുന്നു. മൈക്രോ ബയോളജി, കെമിക്കൽ ഡിവിഷൻ എന്നിവയിൽ NABL accreditation ലഭിച്ചിട്ടുള്ളതും ഗുണനിലവാരം (quality), ശുദ്ധത (safety), പോഷകാഹാര മൂല്യം (nutritional value) എന്നിവയുടെ പരിശോധനകൾ നടത്തിവരുന്നതുമായ ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബോറട്ടി (FQML) നവീകരിക്കുന്നതിനും കോളേജ് ഓഫ് ഇൻഡിജൻസ് ഫുഡ് ടെക്നോളജി (CFT-K) യുടെ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ നടത്തുന്നതിനും സ്മാർട്ട് ക്ലാസ് മുറികളടക്കമുള്ള ഭൌതിക സാഹചര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. പൊതു വിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാർക്ക് വേണ്ടി ഫുഡ് പ്രോസസിംഗ് ട്രയിനിംഗ് സെന്ററിൽ (FPTC) നടത്തിവരുന്ന പരിശീലനം പുനരാരംഭിക്കുന്നതിനും ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബോറട്ടി (FQML)) യിൽ കോളേജ് ഓഫ് ഇൻഡിജൻസ് ഫുഡ് ടെക്നോളജി (CFT-K) യിലെ വിദ്യാർത്ഥികൾക്ക് നല്കി വരുന്ന പരിശിലനത്തിനു പുറമേ മറ്റ് കോളജുകളിലെ വിദ്യാർത്ഥികൾക്കും പരിശിലനം നല്കുന്നതിനും ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബോറട്ടി (FQML) യുമായി ബന്ധപ്പെട്ട അനാലിസിസ് ഫീസ് കാലോചിതമായി പരിഷ്കരിക്കുന്നതിനുമായുള്ള പദ്ധതികൾ പരിഗണനയിലാണ് |

| | | | |
|---|---|---|---|
| (ബി) | നാളിതുവരെ സപ്ലൈകോയിൽ നിന്നും പ്രസ്തുത സ്ഥാപനത്തിന് ടെസ്റ്റിംഗ് ഇനത്തിൽ എത്ര രൂപയാണ് നൽകാനുള്ളത് എന്ന് അറിയിക്കുമോ; | (ബി) | നിലവിൽ 6,23,066 രൂപ കുടിശ്ശികയിനത്തിൽ സപ്ലൈകോയിൽ നിന്നും നല്കാനുള്ളതായി കാണുന്നു. ആയത് അടിയന്തിരമായി അനുവദിക്കുന്നതിനും പ്രസ്തുത തുക കൂടാതെ മറ്റ് കുടിശ്ശിക ലഭിക്കാനുള്ള പക്ഷം, GST സ്റ്റേറ്റ്മെന്റ് സഹിതം വിശദാംശങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് അനുവദിക്കുവാനും നിർദ്ദേശം നല്കിയിട്ടുള്ളതാണ്. |
| (സി) | കുടിശ്ശിക ഉണ്ടെങ്കിൽ എത്ര രൂപയാണെന്നും ആയത് എന്നത്തേക്ക് പൂർണമായും തിരിച്ചു നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | നിലവിൽ 6,23,066 രൂപ കുടിശ്ശികയിനത്തിൽ സപ്ലൈകോയിൽ നിന്നും നല്കാനുള്ളതായി കാണുന്നു. ആയത് അടിയന്തിരമായി അനുവദിക്കുന്നതിനും പ്രസ്തുത തുക കൂടാതെ മറ്റ് കുടിശ്ശിക ലഭിക്കാനുള്ള പക്ഷം, GST സ്റ്റേറ്റ്മെന്റ് സഹിതം വിശദാംശങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് അനുവദിക്കുവാനും നിർദ്ദേശം നല്കിയിട്ടുള്ളതാണ്. |
| (ഡി) | സപ്ലൈകോയിൽ നിന്നും ലഭിക്കേണ്ട തുക കിട്ടാത്തതിനാൽ സി.എഫ്.ആർ.ഡി-യിൽ ശമ്പളം മുടങ്ങിയ അവസ്ഥ ഉണ്ടായിട്ടുണ്ടോ ; | (ഡി) | തനതു ഫണ്ടിലെ തുക അപര്യാപ്തമായതിനെ തുടർന്ന് ചില മാസങ്ങളിൽ ശമ്പളം നല്കുന്നതിനു കാലതാമസം നേരിട്ടിരുന്നു. കൌൺസിൽ ഫോർ ഫുഡ് റിസെർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ (CFRD) തനതു വരുമാനം കൂട്ടുന്നത് ലക്ഷ്യമിട്ട് ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബോറട്ടി (FQML) യിൽ കോളേജ് ഓഫ് ഇൻഡിജൻസ് ഫുഡ് ടെക്നോളജി (CFT-K) യിലെ വിദ്യാർത്ഥികൾക്ക് നല്കി വരുന്ന പരിശീലനത്തിനു പുറമേ മറ്റ് കോളേജുകളിലെ വിദ്യാർത്ഥികൾക്കും പരിശീലനം നല്കുക, ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബോറട്ടി (FQML) യുമായി ബന്ധപ്പെട്ട അനാലിസിസ് ഫീസ് കാലോചിതമായി പരിഷ്കരിക്കുക, പൊതു വിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാർക്ക് വേണ്ടി ഫുഡ് പ്രോസസിംഗ് ട്രയിനിംഗ് സെന്ററിൽ (FPTC) നടത്തി വരുന്ന പരിശീലനം പുനരാരംഭിക്കുക തുടങ്ങിയ പദ്ധതികൾ പരിഗണനയിലാണ്. |
| (ഇ) | ഭാവിയിൽ സി.എഫ്.ആർ.ഡി യിൽ ശമ്പളം കൃത്യമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ഇ) | തനതു ഫണ്ടിലെ തുക അപര്യാപ്തമായതിനെ തുടർന്ന് ചില മാസങ്ങളിൽ ശമ്പളം നല്കുന്നതിനു കാലതാമസം നേരിട്ടിരുന്നു. കൌൺസിൽ ഫോർ ഫുഡ് റിസെർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ (CFRD) തനതു വരുമാനം കൂട്ടുന്നത് ലക്ഷ്യമിട്ട് ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബോറട്ടി (FQML) യിൽ കോളേജ് ഓഫ് ഇൻഡിജൻസ് ഫുഡ് ടെക്നോളജി (CFT-K) യിലെ വിദ്യാർത്ഥികൾക്ക് നല്കി വരുന്ന പരിശീലനത്തിനു പുറമേ മറ്റ് കോളേജുകളിലെ വിദ്യാർത്ഥികൾക്കും പരിശീലനം നല്കുക, ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബോറട്ടി (FQML) യുമായി ബന്ധപ്പെട്ട അനാലിസിസ് ഫീസ് കാലോചിതമായി പരിഷ്കരിക്കുക, പൊതു വിതരണ ഉപഭോക്തൃകാര്യ |

| | | | |
|---|---|---|---|
| | | | വകുപ്പിലെ ജീവനക്കാർക്ക് വേണ്ടി ഫുഡ് പ്രോസസിംഗ് ട്രയിനിംഗ് സെന്ററിൽ (FPTC) നടത്തി വരുന്ന പരിശീലനം പുനരാരംഭിക്കുക തുടങ്ങിയ പദ്ധതികൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ